(ബി) അകാരണമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. (ലഭിക്കുന്ന അപേക്ഷകളിൽ വിവിധ പോരായ്മകൾ കാണുന്നതിനാൽ അപേക്ഷകൾ തിരികെ അയച്ച് പോരായ്മകൾ പരിഹരിച്ച് ലഭിക്കുന്നതിന് സാധാരണ ഗതിയിലുള്ള കാലതാമസം ഉണ്ടാകാറുണ്ട്.)

(സി) അപേക്ഷകളിന്മേൽ മതിയായ പരിശോധന നടത്തി പോരായ്മകൾ പരിഹരിച്ചതിനുശേഷം മാത്രമേ പരിഗണനയ്ക്കായി അയയ്ക്കാൻ പാടുള്ളൂവെന്ന് ബന്ധപ്പെട്ടവർക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രീ. സി. കെ. ചെല്ലൻ അന്തരിച്ചത് 12-11-2001-ൽ ആണ്. ശ്രീ. ചെല്ലന്റെ മകൻ ശ്രീ. സി. ജയേഷ് ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുവേണ്ടി 24-1-2003-ൽ പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷ 17-2-2003-ലെ കത്തു പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡയറക്ടറേറ്റിലേക്ക് അയയ്ക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഡയറക്ടറേറ്റിൽനിന്നും 15-3-2003-ൽ തിരികെ അയച്ച അപേക്ഷ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, 22-6-2004-ൽ പഞ്ചായത്ത് ഡയറക്ടറേറ്റിലേക്ക് പുനഃസമർപ്പിച്ചു. എന്നാൽ അപേക്ഷയുടെ അപ്പൻഡിക്സ്-ബി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്താതിരുന്നതിനാലും വരുമാന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കാതിരുന്നതിനാലും അപേക്ഷ യഥാസമയം സർക്കാരിലേക്ക് അയയ്ക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് കഴിഞ്ഞില്ല. അപാകതകൾ പരിഹരിച്ച് അപേക്ഷയും അനുബന്ധങ്ങളും 22-3-2005-ന് സർക്കാരിലേക്ക് ശുപാർശ ചെയ്തയച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അപേക്ഷയിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഇ) ശ്രീ. ജയേഷിന്റെ അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് പഞ്ചായത്ത് ഡയറക്ടർ 22-3-2005-ൽ നൽകിയ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) അപേക്ഷ അടിയന്തിരമായി പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

കെട്ടിട നമ്പർ ലഭിക്കാൻ ശ്രീ. കോടമ്പൂർ രാധാകൃഷ്ണൻ സമർപ്പിച്ച അപേക്ഷ

110 [3807] *ശ്രീ. ബിനോയ് വിശ്വം* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ല ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പണിത കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് വേണ്ടി കോടമ്പൂർ രാധാകൃഷ്ണൻ സമർപ്പിച്ച 6275/എം3/04/എൽ. എസ്. ജി. ഡി. 6-2-2004 നമ്പർ അപേക്ഷയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly